## പതിനാലാം കേരള നിയമസഭ
## പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. **1369** **06/03/2018** ൽ മറുപടിക്ക്

## തെരുവുനായ്ക്കളുടെ നിയന്ത്രണം

| ചോദ്യം | മറുപടി |
| --- | --- |
| **ശ്രീ.സി. ദിവാകരൻ** | **ഡോ. കെ.ടി. ജലീൽ**<br>(തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പ് മന്ത്രി) |
| **എ)** സംസ്ഥാനത്ത് തെരുവുനായ്ക്കളുടെ ശല്യം വർദ്ധിക്കുന്നതായുള്ള വാർത്തകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ; | **എ)** ഇല്ല |
| **ബി)** തെരുവുനായ്ക്കളുടെ നിയന്ത്രണത്തിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചെന്ന് വ്യക്തമാക്കുമോ; | **ബി)** സംസ്ഥാനത്ത് തെരുവുനായ വ്യാപനം തടയുന്നതിനായി നടപ്പിലാക്കി വരുന്ന എ.ബി.സി. പ്രോഗ്രാം ജില്ലാ പഞ്ചായത്തിന്റെയും, മൃഗസംരക്ഷണ വകുപ്പിന്റെയും നേതൃത്വത്തിൽ എല്ലാ ജില്ലകളിലും നടപ്പാക്കി വരുന്നു. ഇതോടൊപ്പം തന്നെ പേ വിഷ നിയന്ത്രണ വാക്സിനേഷൻ എല്ലാ വളർത്ത് നായകൾക്കും നൽകി വരുന്നു. ഈ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലും എ.ബി.സി. റൂൾസിലെ ചട്ടം (4) പ്രകാരം മോണിറ്ററിംഗ് സമിതി രൂപീകരിക്കുന്നതിനുള്ള കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. റോഡുകളുടെ വശങ്ങളിലും പൊതു സ്ഥലങ്ങളിലും മാലിന്യം നിക്ഷേപിക്കുന്നത് തടയാൻ നടിപടി സ്വീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ